**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3999** **06-08-2021 - ൽ മറുപടിയ്ക്ക്**

**അന്യം നിന്ന് പോകുന്ന കലാരൂപങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അന്യം നിന്ന് പോകുന്ന ഗോത്ര കലാരൂപങ്ങളെയും കരകൗശല വൈദഗ്ധ്യങ്ങളെയും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമീണ കലാകാരൻമാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് അന്തർദേശീയ വിപണന ബന്ധങ്ങൾ സ്ഥാപിച്ച് വിപണന സാധ്യതകൾ വർദ്ധിപ്പിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക ഗ്രാമീണ കരകൗശല പൈതൃകം സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി സാംസ്കാരിക വകുപ്പ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പട്ടിക വിഭാഗക്കാരുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന ആദികലാകേന്ദ്രം പ്രവർത്തനങ്ങളുടെ ഭാഗമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ കിർത്താഡ്സ് നടത്തിവരുന്നു. 2017 മാർച്ചിൽ സംസ്ഥാനത്തിലെ അതീവ ദുർബല പട്ടികവർഗ്ഗ ജനതയുടെ ഉൾപെടെയുള്ള ഗോത്ര കലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമിട്ട് "ഇന്ത്യയിലെ ഗോത്ര കലകൾ" എന്ന പേരിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുകയും ആയതിലെ പ്രബന്ധങ്ങൾ "ട്രൈബൽ ആർട്ട് ആന്റ് സൊസൈറ്റി" എന്ന പേരിൽ പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിലെ ഗോത്ര ജനതയുടെ സംസ്കാരം, കലകൾ എന്നിവ ഉൾപ്പെടുന്ന "ഗോത്ര താളം, വാല്യം ഒന്ന്" സംസ്ഥാനത്തിലെ വിവിധ ഗോത്ര ജനവിഭാഗങ്ങളുടെ പാരമ്പര്യ കലകളെക്കുറിച്ച് "ഗോത്ര താളം, വാല്യം രണ്ട്" "കേരളത്തിലെ ഗോത്ര കലകൾ." എന്നീ പുസ്തകങ്ങൾ കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ ഗോത്ര ജനവിഭാഗങ്ങളുടെ പാരമ്പര്യകലാരൂപങ്ങൾ വേദികളിൽ അവതരിപ്പിക്കുന്നതിന് അവയെ |

| | | | |
|---|---|---|---|
| | | | ചിട്ടപ്പെടുത്തുന്നതിന് ശില്പശാലകൾ കിർത്താഡ്സ് മുഖാന്തിരം നടത്താറുണ്ട്. അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ കലകൾ സംരക്ഷിക്കുന്നതിനും പട്ടികവർഗക്കാർ ഉൽപ്പാദിപ്പിക്കുന്ന കരകൌശല വസ്തുക്കൾക്ക് വിപണി കണ്ടെത്തുന്നതിനും ഇവരുടെ കലാരൂപങ്ങൾ പുതുതലമുറയ്ക്ക് മുമ്പിൽ അവതരിപ്പിക്കുന്നതിനും വർഷത്തിൽ 2 ജില്ലകളിൽ 10 ദിവസം വീതം ദൈർഘ്യത്തിൽ ഗദ്ദിക എന്ന പേരിൽ സാംസ്കാരിക ഉത്സവം പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗവികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കായി വകുപ്പ് സംഘടിപ്പിക്കുന്ന സർഗ്ഗോത്സവത്തിൽ പട്ടികവർഗ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനും അവസരം നൽകി വരുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമി ഗോത്ര വർഗ്ഗ കലകൾ സംരക്ഷിക്കുന്നതിന് വേണ്ടി വർഷാവർഷം ആദിവാസി കലോത്സവങ്ങളും ആദിവാസി കരകൌശല മേളകളും സംഘടിപ്പിക്കുകയും ആദിവാസി കലാകാരൻമാർക്ക് കലാവതരണത്തിനുള്ള അവസരവും മതിയായ പ്രതിഫലവും നൽകി വരുന്നുണ്ട്. കൊണ്ടോട്ടി കേന്ദ്രമായി പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി നാടോടിപാരമ്പര്യത്തിന്റെ ഭാഗമായ മാപ്പിളകലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ഗോത്ര ഭാഷകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിലെ ഗോത്ര ഭാഷകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ ഗോത്ര ഭാഷാ നിഘണ്ടുക്കൾ, ഭാഷ പ്രൈമറുകൾ, പണിയൻ ഭാഷാ പഠന സഹായി, ലിപി എന്നിവ കിർത്താഡ്സ് തയ്യാറാക്കിയിട്ടുണ്ട്. വയനാട് ഗോത്ര ഭാഷാ-കലാ പഠന കേന്ദ്രം പദ്ധതിയുടെ ഭാഗമായി വയനാട്ടിലെ വെട്ടകുറുമർ, കുറിച്യർ സമുദായക്കാരുടെ വാമൊഴി സാഹിത്യം ഭാഷ എന്നിവയെക്കുറിച്ച് ''കുറിച്യരുടെ വാമൊഴി സാഹിത്യം ഭാഷ, കലകൾ'' വെട്ടകുറുമരുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ'', എന്നീ രണ്ട് ഗവേഷണ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും മലവേടൻ ഗോത്ര ജനതയുടെ ഭാഷയെ അധികരിച്ചുള്ള പഠനവും കിർത്താഡ്സ് നടത്തി വരുന്നുണ്ട്. മലബാറിലെ മാപ്പിളസമൂഹത്തിന്റെ പ്രാചീനഭാഷാരൂപമായ മാപ്പിള മലയാളം എന്നറിയപ്പെടുന്ന അറബിമലയാള ലിപിരൂപം |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനും അവയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുമായി മാപ്പിളകലാ അക്കാദമിയിൽ അറബിമലയാളം റിസർച്ച് ആന്റ് റഫറൻസ് ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. അറബി അക്ഷരമാലയിൽ മലയാളമെഴുതുന്ന ലിപി പരിശീലിപ്പിക്കുന്നതിനായി അറബിമലയാളം കോഴ്സും അക്കാദമി നടത്തുന്നു. |
| (സി) | പഴയ മാപ്പിള കലകൾ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മാപ്പിളകലാ അക്കാദമി മുട്ടുംവിളി എന്ന ചീനിമുട്ട്, ഖിസ്സപ്പാട്ട് എന്ന പാടിപ്പറയൽ കലാരൂപം തുടങ്ങിയ അന്യം നിന്നുപോകുന്ന മാപ്പിളകലകൾ ഉൾപ്പടെ സംരക്ഷിക്കുന്നതിനും പരിശീലിപ്പിച്ച് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും പാടിപ്പറയൽ കലാരൂപം ജീവിതവൃത്തിയാക്കിയവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ